(സി) പ്രസ്തുത വിജിലൻസ് അന്വേഷണം നിർത്തി വയ്ക്കാൻ ഗവൺമെന്റ് ഏതെങ്കിലും നിർദ്ദേശം വിജിലൻസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ വിജിലൻസ് അന്വേഷണം നടത്താൻ സമയപരിധി നിശ്ചിയിച്ചിരുന്നോ ; എങ്കിൽ ഈ സമയപരിധി അവസാനിച്ചോയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് ഇതുവരെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) പോലീസ് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) വിജിലൻസ് അന്വേഷണം പൂർത്തിയാക്കുന്നതിന് മൂന്നു മാസത്തെ സമയപരിധിയാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ സമയപരിധി അവസാനിച്ചു. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട അന്വേഷണോദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) അന്വേഷണം പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ വിജിലൻസ് അന്വേഷണം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി

50 (2166) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അനുമതി ഇക്കാര്യത്തിൽ തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly